# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.06.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റ വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പരാതികൾ അനുഭാവപൂർവ്വം പരിഗണിക്കാൻ തയ്യാറാണെന്ന് മന്ത്രി സണ്ണി ജോസഫ്.

2. ദേശീയ പഞ്ചായത്ത് അവാർഡുകൾ ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമ പഞ്ചായത്തുകൾക്കും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും പുരസ്ക്കാരം.

3. സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് മന്ത്രി സി പി ജോൺ. ഡ്രൈവിംഗ് ലൈസൻസ് പരീക്ഷകൾ കൂടുതൽ സുതാര്യമാക്കുമെന്നും മന്ത്രി.

4. ഇന്ധന വില വർദ്ധനവിൽ സംസ്ഥാന സർക്കാർ നികുതി കുറയ്ക്കുന്നതിന് തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

5. ഹരിതാഭമായ ഭാവിക്കായി സൈക്കിൾ സവാരി എന്ന സന്ദേശവുമായി ഇന്ന് ലോക ബൈസക്കിൾ ദിനം.

RNU TVPM

6. സംസ്ഥാനത്ത് വ്യാപക മഴ തുടരും. നാല് ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

***************************************************

## സണ്ണി ജോസഫ് - നിയമസഭാ (ഇൻട്രോ )

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള വിഷയം സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിനെ തുടർന്ന് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപോകുകയായിരുന്നു. ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടത്തിയ സ്വാഭാവിക നടപടിയാണ് സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റമെന്ന് മന്ത്രി സണ്ണി ജോസഫ് നിയമസഭയിൽ അറിയിച്ചു. ജീവനക്കാർക്ക് പരാതികൾ ഉണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയാറാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

അതേസമയം, ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തിൽ സഭയിൽ ചർച്ച തുടരുകയാണ്.

RNU TVPM

***************************************************

## സംസ്ഥാന ബജറ്റ്

മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് ഈ മാസം 19 ന്. ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി, ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കും. തുടർന്ന് ജൂൺ 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ചയാണ്. ജൂലൈ ഒന്നിന് ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കും .

***************************************************

## സുരേഷ്ഗോപി - എയിംസ്

ഇന്ധന വില വർദ്ധനവിൽ സംസ്ഥാന സർക്കാർ നികുതി കുറയ്ക്കുന്നതിന് തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര സർക്കാർ, നികുതി കുറയ്ക്കാൻ നേരത്തെ തയ്യാറായിരുന്നു. യുദ്ധസാഹചര്യം മാറി ക്രൂഡ് ഓയിൽ വില കുറഞ്ഞാൽ എണ്ണ കമ്പനികളോട് വില കുറയ്ക്കണമെന്ന് ആവശ്യപ്പെടുമെന്നും അദ്ദേഹം തൃശ്ശൂരിൽ പറഞ്ഞു. കേരളത്തിൽ എയിംസ് എവിടെ വന്നാലും സ്വീകരിക്കുമെന്ന ആരോഗ്യ മന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നതായും ശ്രീ സുരേഷ് ഗോപി അറിയിച്ചു.

******************************************************

## പാസ്സിങ് ഔട്ട് പരേഡ്

സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് മന്ത്രി സി പി ജോൺ. തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്ന പതിനേഴാമത് ബാച്ച് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡിൽ സംസാരിക്കുയായിരുന്നു അദ്ദേഹം. ഡ്രൈവിംഗ് ലൈസൻസ് പരീക്ഷകൾ കൂടുതൽ സുതാര്യവും ആധുനികവുമാക്കുമെന്നും മന്ത്രി അറിയിച്ചു. 32 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ ട്രെയിനികളാണ് പരിശീലനം പൂർത്തിയാക്കിയത്.

******************************************************

## പഞ്ചായത്ത് അവാർഡുകൾ

2025-ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. രാജ്യത്തെ 42 മികച്ച പഞ്ചായത്തുകൾക്കാണ് പുരസ്‌കാരങ്ങൾ സമ്മാനിക്കുക. കേരളത്തിൽ നിന്നുള്ള നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമ പഞ്ചായത്തുകൾക്കും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും വിവിധ വിഭാഗങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

******************************************************

PNU TVPM

## രാഷ്ട്രപതി - ഗോത്രവർഗ സമ്മേളനം

കേന്ദ്ര ഗോത്രകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ കോൺക്ലേവിന് ന്യൂഡൽഹിയിൽ തുടക്കമായി. ജനജാതീയ ഗരിമ ഉത്സവ് എന്ന പരിപാടി രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യു. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സെന്റർ ഫോർ നാനോ സയൻസ് ആൻഡ് എഞ്ചിനീയറിംഗിൽ സ്ഥാപിച്ച 'ട്രെയിനിംഗ് ഫാബിൻറെ' ഉദ്ഘാടനം ശ്രീമതി ദ്രൗപദി മുർമു വെർച്വലായി നിർവ്വഹിച്ചു.

********************************************************

## ഡി.കെ. ശിവകുമാർ

കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ബെംഗളൂരുവിലെ ലോക് ഭവനിൽ വൈകുന്നേരം നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ താവർചന്ദ് ഗെലോട്ട് സത്യവാചകം ചൊല്ലിക്കൊടുക്കും. സിദ്ധരാമയ്യ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചതിനെ തുടർന്നാണ് ഉപമുഖ്യമന്ത്രിയായിരുന്ന ഡി.കെ. ശിവകുമാർ ഈ പദവിയിലേക്ക് എത്തുന്നത്. അതേസമയം, സിദ്ധരാമയ്യയെ കോൺഗ്രസ് പ്രവർത്തക സമിതി അംഗമായി പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ നിയമിച്ചു.

PMU TVPM

********************************************************

## എൻ ഡി എ സർക്കാർ - 12 വർഷം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ കഴിഞ്ഞ 12 വർഷത്തിനിടെ നിരവധി ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പുതിയ നികുതി ഘടന പ്രകാരം വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ളവർക്ക് നികുതിയില്ല. ജി.എസ്.ടി നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങളുടെ വിലയും കുറഞ്ഞു. പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ) വഴി അനുവദിച്ച 1.25 കോടി വീടുകളിൽ 98 ലക്ഷത്തിലധികം വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി.

ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ 43.52 കോടി ആരോഗ്യ കാർഡുകൾ വിതരണം ചെയ്തു.

*****************************************************

## CBSE പുനർമൂല്യനിർണ്ണയം

40,000 ത്തോളം വിദ്യാർത്ഥികൾ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സമർപ്പിച്ചതായും അപേക്ഷാ പ്രക്രിയയിൽ യാതൊരു പ്രശ്നങ്ങളും നേരിട്ടില്ലെന്നും CBSE. പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളുടെ ഉത്തരകടലാസിൻറെ സ്കാൻ ചെയ്ത പകർപ്പുകളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പുനർമൂല്യനിർണ്ണയത്തിനുമായി CBSE ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തിയ ഉത്തരകടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സൗകര്യം ലഭ്യമാകൂ.

*****************************************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ആലപ്പുഴ മുതൽ തൃശ്ശൂർ വരെ നാലു ജില്ലകളിൽ ഇന്നു ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. തെക്കു - പടിഞ്ഞാറൻ കാലവർഷം നാളെയോടെ കേരളത്തിൽ എത്തിച്ചേരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

*****************************************************

## ആലപ്പുഴ - മഴ (ഇൻട്രോ)

തുടർച്ചയായി പെയ്യുന്ന കനത്ത മഴയും മഴക്കെടുതികളും കുട്ടനാട്ടിൽ ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് ഉയരുകയും നൂറോളം വീടുകൾ വെള്ളത്തിനടിയിലാവുകയും ചെയ്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവി കുമാർ.**

(വോയ്സ്)

****************************************************

## വെള്ളക്കെട്ട്- തലസ്ഥാനം

തിരുവനന്തപുരത്തെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ സംസ്ഥാന സർക്കാരിൻറെ അടിയന്തര ഇടപെടൽ. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളും ദീർഘകാല മാസ്റ്റർപ്ലാനും നടപ്പിലാക്കാൻ ഉന്നതതല യോഗം തീരുമാനിച്ചു. റെയിൽവെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മൂലം പഴവങ്ങാടി തോടിന്റെ വീതി കുറയുന്നതും ആമയിഴഞ്ചാൻ തോടിലും പാർവ്വതി പുത്തനാറിലും നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീരൊഴുക്ക് തടസ്സപ്പെടുത്തുന്നതും നഗരത്തിൽ വെള്ളം പൊങ്ങുന്നതിന് കാരണമായതായി യോഗം വിലയിരുത്തി. തലസ്ഥാനത്തിന്റെ ശുദ്ധീകരണ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ദീർഘ -ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും തീരുമാനിച്ചു.

RNU/TVPM

****************************************************

## മഴ -തൃശൂർ (ഇൻട്രോ) PTC THRISSUR

അതിശക്തമായ മഴസാധ്യത കണക്കിലെടുത്ത് തൃശൂരിൽ അടിയന്തര മുന്നൊരുക്കങ്ങളും ജാഗ്രതാ നടപടികളും ശക്തമാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...........**

(വോയിസ്)

****************************************************

## മൾട്ടി ആക്സിൽ വാഹനങ്ങൾക്ക് നിരോധനം

താമരശ്ശേരി ചുരത്തിൽ മൾട്ടി ആക്സിൽ വാഹനങ്ങൾക്ക് നിരോധനം. രാവിലെ ആറു മുതൽ രാത്രി എട്ടുവരെയാണ് വിലക്ക്.

കാലവർഷം കനക്കുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനുമായാണ് കർശന നിയന്ത്രണം.

**************************************************

## ലോക ബൈസൈക്കിൾ ദിനം

ഇന്ന് ലോക ബൈസക്കിൾ ദിനം. ലളിതവും ചെലവുകുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യവുമായ സുസ്ഥിര ഗതാഗത മാർഗ്ഗമെന്ന നിലയിൽ സൈക്കിളിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനും, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കാനുമായാണ് ദിനാഘോഷം. **ഹരിതാഭമായ ഭാവിക്കായി സൈക്കിൾ സവാരി** എന്നതാണ് ഈ വർഷത്തെ സന്ദേശം.

**************************************************

## ഡൽഹി ഫയർ

ഡൽഹിയിലെ മാളവ്യ നഗറിൽ ഹോട്ടലിൽ ഉണ്ടായ തീപിടുത്തത്തിൽ 20 മരണം. മരണ സംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ട്. 37-ഓളം പേരെ സംഭവസ്ഥലത്തു നിന്നും രക്ഷപ്പെടുത്തിയതായി അധികൃതർ അറിയിച്ചു.

RIU TVPM

**************************************************

## വേവ്സ്

പ്രസാർ ഭാരതിയുടെ ഡിജിറ്റൽ സ്ട്രീമിങ് പ്ലാറ്റ്ഫോമായ WAVES OTT ഒരു കോടിയിലധികം ഉപയോക്താക്കൾ എന്ന നേട്ടം കൈവരിച്ചു. 2024 നവംബറിലാണ് WAVES സംവിധാനം ആരംഭിച്ചത്. രാജ്യത്തെ പൊതു ഡിജിറ്റൽ മീഡിയ സംവിധാനത്തിന്റെ വളർച്ചയിലെ സുപ്രധാന ചുവട് വെയ്പ്പാണ് ഈ നേട്ടമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. തദ്ദേശീയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വിശ്വാസ്യത വർധിക്കുന്നതിന്റെ തെളിവാണിതെന്നും മന്ത്രാലയം വ്യക്തമാക്കി.

**************************************************************************************************s